# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T2064 17.06.2014 ൽ മറുപടിക്ക്

### സബർബൻ തീവണ്ടി സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സബർബൻ തീവണ്ടി സർവ്വീസ് ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് സബർബൻ റെയിൽ പദ്ധതി തുടങ്ങുന്നതിലേക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റിയറിംഗ് കമ്മറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ പദ്ധതിയുടെ പ്രാരംഭ നടത്തിപ്പുകൾക്കായി തിരുവനന്തപുരം ജില്ലാകളക്ടറെ നോഡൽ ഓഫീസറായും, അദ്ദേഹത്തിൻെറ കിഴിൽ കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനമായ മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ (MRVC) ലിമിറ്റഡിനെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ കരട് പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയാണ് പ്രസ്തുത രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ (MRVC) ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനമാണ് വിശദ പദ്ധതി രൂപരേഖ (ഡ്രാഫ്റ്റ് ഫൈനൽ) തയ്യാറാക്കിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും റെയിൽ മന്ത്രാലയത്തിന്റെയും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ